# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2440

09.12.2014-ൽ മറുപടിക്ക്

### പാർപ്പിട സമുച്ചയ പദ്ധതി

**ചോദ്യം**

ശ്രീ. രാജു എബ്രഹാം:

(എ) സംസ്ഥാനത്തെ പാവപ്പെട്ടവർക്കും ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർക്കും സ്വന്തമായി ഒരു വീട് നിർമ്മിച്ച് നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കിവരുന്നത് എന്ന് പദ്ധതിയുടെ പേരും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ;

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ പാവപ്പെട്ടവർക്കും ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർക്കും സ്വന്തമായി വീട് ലഭ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളാണ് സാഫല്യം ഭവന പദ്ധതിയും, ഗൃഹശ്രീ ഭവന പദ്ധതിയും. ടി പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശം ചുവടെചേർത്തിരിക്കുന്നു.

**സാഫല്യം ഭവന പദ്ധതി**

സമൂഹത്തിലെ ഭൂ-ഭവനരഹിതരുമായ ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സന്നദ്ധ സംഘടന/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെയും സർക്കാർ സബ്സിഡിയോടുകൂടിയും ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണിത്. 280 ച. മീറ്റർ വിസ്തീർണ്ണമുള്ള ഫ്ലാറ്റുകളുടെ നിർമ്മാണച്ചെലവ് 3.50 ലക്ഷം രൂപയാണ്. ഇതിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും, 1 ലക്ഷം രൂപ ഹഡ്കോയിൽ നിന്നും വായ്പയും, 25,000/- രൂപ സന്നദ്ധ സംഘടനാ വിഹിതവും, 25,000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ബോർഡിന്റെ കൈവശമുള്ള അനുയോജ്യമായ സ്ഥലങ്ങളിലും, പഞ്ചായത്ത് ലഭ്യമാക്കുന്ന ഭൂമിയിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. വായ്പയായി യൂണിറ്റൊന്നിന് 1 ലക്ഷം രൂപ സമാഹരിക്കുന്നതിന് പകരം പഞ്ചായത്ത് വിഹിതമായി യൂണിറ്റൊന്നിന് 1 ലക്ഷം രൂപ ലഭ്യമാക്കുന്ന പഞ്ചായത്തുകൾക്ക് മുൻഗണന നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

**ഗൃഹശ്രീ ഭവന പദ്ധതി**

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/താഴ്ന്ന വരുമാന വിഭാഗം (LIG) ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബല/താഴ്ന്ന വരുമാനം വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. സ്പോൺസർ മുഖേനെയാണ് ഗുണഭോക്താവ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

(ബി) സംസ്ഥാനത്ത് വീട് വയ്ക്കുന്നതിനുള്ള സ്ഥലത്തിന്റെ വിസ്തൃതി ചുരുങ്ങി വരുന്നതിനാൽ ഇത്തരം വിഭാഗങ്ങളിൽപ്പെടുന്നവർക്കായി പാർപ്പിട സമുച്ചയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതരായ വിഭാഗക്കാർക്ക് ബോർഡ് നടപ്പിലാക്കുന്ന സാഫല്യം ഭവന പദ്ധതിയിലൂടെ ഫ്ളാറ്റ് സമുച്ചയങ്ങളാണ് നിർമ്മിക്കുന്നത്. കൂടാതെ താഴ്ന്ന വരുമനാനക്കാർക്കായി പഞ്ചായത്ത് ലഭ്യമാക്കുന്ന ഭൂമിയിൽ സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കാനുദ്ദേശിച്ചിട്ടുള്ള സങ്കേതം ഭവന പദ്ധതിക്ക് തത്വത്തിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും, 2 ലക്ഷം രൂപ പഞ്ചായത്ത് ഗുണഭോക്താക്കൾക്കുവേണ്ടി വായ്പ സമാഹരിച്ച് ലഭ്യമാക്കേണ്ടതും ബാക്കി 1 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമായും ലഭ്യമാക്കിയിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ